# ‘അന്യോന്യം സ്നേഹിക്കുവിൻ’

## റോമർ 13:8

**“അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടംപെട്ടിരിക്കരുതു; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ”**

ദൈവം മോശയിലൂടെ യിസ്രായേൽ മക്കൾക്ക് കൊടുത്തത് പത്തു കൽപനകൾ, ആ കൽപനകളുടെ നിവൃത്തി എന്നവണ്ണം നമ്മുടെ കർത്താവായ യേശു ഈ ലോകത്തിൽ വന്ന് മനുഷ്യനായി ജീവിച്ച് നാമോരോരുത്തരുടെയും പാപങ്ങളേറ്റെടുത്ത് നമുക്ക് വേണ്ടി ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ് പിതാവാം ദൈവത്തിന്റെ വലഭാഗത്ത് നമുക്ക് വേണ്ടി മധ്യസ്ഥം ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഈ ലോകത്തിൽ നിന്നു പോകുന്നതിനു മുമ്പ് ക്രിസ്തു നമുക്ക് നൽകിത്തന്ന രണ്ട് കൽപനകളെ നമുക്ക് സുവിശേഷത്തിലുടനീളം കാണാൻ കഴിയും. ഒന്ന്, നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ശക്തിയോടും കൂടി സേവിക്കണം. രണ്ട്, നിന്നെ പോലെ നിന്റെ കൂട്ടുകാരനെയും സ്നേഹിക്കണം.

ഇന്ന് ലോകത്തിലേക്ക് നോക്കിക്കഴിഞ്ഞാൽ സ്നേഹം എന്നത് വളരെ വിരളമായി കാണുവാൻ കഴിയുന്ന ഒരു പ്രക്രിയയാണ്. വചനത്തിൽ പറയുന്നതു പോലെ മനുഷ്യൻ സ്വസ്നേഹികളായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇന്നു നമുക്ക് എങ്ങും കാണുവാൻ കഴിയുന്നത്. ഓരോരുത്തർക്കും തന്റെ മാത്രം കാര്യം. ഇനി ഒരുവൻ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിൽ അത് ലോകത്തിനു മുമ്പിൽ വെറും കാഴ്ചയ്ക്കും പ്രീതി പിടിച്ചുപറ്റുന്നതിനും വേണ്ടി മാത്രം. അതിൽ അവർ തിരിച്ച് എന്തെങ്കിലും ലാഭവഹമായത് കണ്ടിട്ടായിരിക്കും ചെയ്യുന്നത് തന്നെ. അവിടെയാണ് ഇന്നത്തെ വചനം ഏറ്റവും അന്വർത്ഥമാകുന്നത്. ‘അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടംപെട്ടിരിക്കരുതു’. ഇന്നു ആർക്കെങ്കിലും സാധിക്കുന്ന ഒരു കാര്യമാണോ ഇത്. **റോമർ** 13:10 ൽ പറയുന്നു **“സ്നേഹം കൂട്ടുകാരന്നു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ.”**

ഈ നിവൃത്തിയാണ് നാം നമ്മുടെ കർത്താവായ ക്രിസ്തുവിൽ കണ്ടത്. നാം അന്യന്മാരായിരുന്നിട്ടും അവൻ നമ്മെ സ്നേഹിച്ചതു കൊണ്ട് മാത്രമാണ് നാം അവന്റെ രക്ഷ എന്ന ദാനം അനുഭവിപ്പാൻ തക്കവണ്ണം ഇടയായിത്തീർന്നത്. വി.വചനത്തിൽ തന്നെ

പറയുന്നുണ്ട് **"സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല"** എന്ന്. ഈ ദീർഘമായ ക്ഷമയും, ദയയും സ്പർദ്ധ കാണിക്കാത്ത നല്ല മനസ്സുമാണ് നമ്മുടെ കർത്താവ് നമ്മോട് കാണിച്ചത്. ആ കർത്താവിനെ പിൻപറ്റുന്നു എന്നു പറയുന്നവരായ നാം ഇന്നു നമ്മെ തന്നെ ഒന്നു ശോധന ചെയ്തു നോക്കുക ഇന്നു ഞാൻ ഈ ക്രിസ്തുവിന്റെ ഭാവം, അതായത് എല്ലാവരേയും ഒരുപോലെ സ്നേഹിക്കുവാനും അതു വഴി ദീർഘമായി ക്ഷമിക്കുവാനും ദയ കാണിക്കാനും, നമുക്ക് സാധിക്കുന്നുണ്ടോ. ഇല്ലെങ്കിൽ നാം തിരിച്ചറിയുക നാം ഈ ലോകത്തോട് അനുരൂപരായി ലോകനിയമമായ സ്വസ്നേഹത്തിലേക്കുള്ള യാത്രാ മദ്ധ്യേയാണ്. അതിൽ നിന്നു മോചനം നേടാൻ ദൈവത്തോട് നിരന്ന് നമ്മുടെ പാപങ്ങളേയും തെറ്റുകളേയുമെല്ലാം ഏറ്റു പറഞ്ഞ് കഴുകൽ പ്രാപിക്കാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

ഗലാത്യർ 5:14

**കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു**

**ബ്രദർ ബിനു ബേബി ആലപ്പുഴ 106**